അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

6 [4981] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയവിതരണത്തിന്റെ നടപടിക്രമങ്ങൾ സങ്കീർണ്ണമായതിനാൽ അർഹരായവർക്ക് പട്ടയം ലഭിക്കുവാൻ വളരെയധികം കാലതാമസം നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടയത്തിന് അപേക്ഷ സമർപ്പിക്കുന്നതിന്റെയും അനന്തര നടപടികൾ സ്വീകരിച്ച് അനുവദിക്കുന്നതിന്റെയും വിശദവിവരം അറിയിക്കുമോ;

(സി) ഏതൊക്കെ വിഭാഗം പുറംപോക്ക് വസ്തുക്കളാണ് പതിച്ചു നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടയം അനുവദിക്കുന്നതിന് പ്രത്യേക ഫീസ് അടയ്ക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഫീസ് ചുമത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഇ) ഭൂമി വില, ഫീസുകൾ മുതലായവയിൽ ഇളവ് അനുവദിച്ചിട്ടുള്ള വിഭാഗങ്ങൾ, സംഘടനകൾ, സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(എഫ്) പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സുതാര്യവും നിയമാനുസൃത, അനിവാര്യവുമായ വിവിധ ഭൂമി പതിവ് ചട്ടങ്ങളിലെ അനുശാസനങ്ങൾക്ക് വിധേയമായാണ് പട്ടയം നൽകിവരുന്നത്. പ്രസ്തുത ഭൂമി പതിവ് ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്ന നടപടിക്രമങ്ങൾ സങ്കീർണ്ണമായതുകൊണ്ട് അർഹരായവർക്ക് പട്ടയം ലഭിക്കുവാൻ വളരെയധികം കാലതാമസം നേരിടുന്നുണ്ടെന്ന പ്രസ്താവം വസ്തുതാപരമല്ല.

(ബി) അപേക്ഷയുടെ മാതൃക, അപേക്ഷാ സമർപ്പണം തുടങ്ങി പട്ടയവിതരണം വരെയുള്ള നടപടിക്രമങ്ങൾ വിവിധ ഭൂമി പതിവ് ചട്ടങ്ങളിലെ സ്പഷ്ടമായ മാർഗ്ഗ നിർദ്ദേശങ്ങളുടേയും അനുശാസനങ്ങളുടേയും അടിസ്ഥാനത്തിലാണ് നടന്നുവരുന്നത്. ഇപ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ, മലയോര കർഷകർക്ക് 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾ, 1993, ഇവയിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി പട്ടയം നൽകിവരുന്നു.

(സി) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 11 (1) പ്രകാരവും 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലേക്കുള്ള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരവും സർക്കാർ/പൊതു ആവശ്യങ്ങൾക്കുവേണ്ടി നീക്കിവയ്ക്കേണ്ട ഭൂമിയുടെ ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്ന പുറംപോക്ക് വസ്തുക്കളെയാണ് പതിച്ചുനൽകുന്നതിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കിയിട്ടുള്ളത്. 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ 'പുറംപോക്ക്' എന്ന നിർവചനത്തിന്റെ പരിധിയിൽ വരുന്നവ കൂടാതെ സർക്കാർ/പൊതു ആവശ്യങ്ങൾക്കു വേണ്ടി വരുന്ന മറ്റു സർക്കാർവക വസ്തുക്കളും ഇതിൽ ഉൾപ്പെടും. 1964-ലെ കേരള ഭൂമി പതിവുചട്ടങ്ങളിലെ ചട്ടം 11 (2)-ലും 1995-ലെ ഭൂമി പതിവു ചട്ടങ്ങളിലെ ചട്ടം 6 (2)-ലും ഒന്ന് (i) മുതൽ പത്ത് (x) വരെയുള്ള അനുഛേദങ്ങളിൽ പരാമർശിക്കുന്ന വസ്തുക്കളും പതിച്ചുനൽകുവാൻ പാടില്ലാത്ത പുറംപോക്ക് ഭൂമികളിൽപ്പെടുന്നു.

(ഡി) ഭൂമി പതിച്ചുനൽകുന്നതിന്റെ ഉദ്ദേശ്യം, പതിച്ചുനൽകുന്ന ഭൂമിയുടെ സ്വഭാവം, കൈവശത്തിന്റെ സ്വഭാവം ഇവയെ ആധാരമാക്കി ഭൂമിവില, സർവ്വെ ആന്റ് ഡിമാർക്കേഷൻ ചാർജ്ജ്, മരവില, കമ്പോളവില, ഇവ ഈടാക്കി വരുന്നുണ്ട്. 1964, 1995, 1993 എന്നീ വർഷങ്ങളിലെ ചട്ടങ്ങളിലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് തുക ഈടാക്കുന്നത്.

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ ഭൂമിവിലയും മറ്റും ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24, 1995-ലെ ചട്ടത്തിലെ ചട്ടം 21, 1993-ലെ ചട്ടം 20 ഇവ അനുസരിച്ച് ഭൂമി പതിവിന്റെ പൊതു താല്പര്യം പരിഗണിച്ച് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് ഉപരിയായി സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഭൂമി പതിച്ചു നൽകുന്നതിനുള്ള വിവേചനാധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

(എഫ്) തൽക്കാലം പരിഗണനയിലില്ല.

പട്ടയം നൽകുന്നതിന് നടപടി

7 [4982] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി പതിച്ചുനൽകുന്നവരിൽ നിന്ന് മാർക്കറ്റ് വാല്യു ഈടാക്കുന്നത് സംബന്ധിച്ച് റവന്യൂ (പി) ഡിപ്പാർട്ടുമെന്റിൽ നിന്ന് ജി.ഒ. (എംഎസ്.) 13/2002/ആർ.ഡി. നമ്പർ പ്രകാരം 5-1-2002-ൽ ഇറക്കിയിട്ടുള്ള ഉത്തരവിൽ 'വീക്കർ സെക്ഷന്റെ നിർവചനം' ആരാഞ്ഞുകൊണ്ട് തൃശ്ശൂർ, തിരുവനന്തപുരം ജില്ലാ കളക്ടർമാർ അയച്ചിട്ടുള്ള കത്ത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വീക്കർ സെക്ഷനിൽ ആരെല്ലാമാണ് ഉൾപ്പെടുന്നത്; വീക്കർ സെക്ഷനിൽ ഉൾപ്പെടുത്തുന്നതിന് എന്ത് മാനദണ്ഡമാണ് നിശ്ചയിച്ചിരിക്കുന്നത്;

(സി) പ്രസ്തുത ഉത്തരവിലെ അവ്യക്തതമൂലം നാളിതുവരെ പട്ടയം ലഭിക്കുന്നതിന് അപേക്ഷ നൽകാതിരിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly